# പതിമൂന്നാം കേരള നിയമ സഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2483 — 09 -12- 2014-ൽ മറുപടിക്ക്.

## സ്റ്റാർട്ട് അപ്പ് നയം പ്രഖ്യാപിക്കാൻ നടപടി

**ചോദ്യം**

ശ്രീ. പാലോട് രവി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. ജോസഫ് വാഴയ്ക്കൻ

**ഉത്തരം**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്റ്റാർട്ട് അപ്പ് നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ഇതിന്റെ ഭാഗമായി കേരളാ ടെക്നോളജി സ്റ്റാർട്ട് അപ്പ് പോളിസിയുടെ കരട് രൂപം തയ്യാറാക്കുകയും പൊതുജന അഭിപ്രായം ആരായുന്നതിനായി പ്രധാനപ്പെട്ട വെബ് സൈറ്റുകളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതിൽ നിന്നും ലഭിച്ച അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി സ്റ്റാർട്ട് അപ്പ് പോളിസിയുടെ അന്തിമ രൂപം തയ്യാറാക്കി വരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | കേരളത്തിലെ യുവതി യുവാക്കളെ ശാസ്ത്ര സാങ്കേതിക മേഖലകളിൽ വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക, അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്ത നയമാണ് ടെക്നോളജി സ്റ്റാർട്ട്അപ്പ് നയം. ഇതുവഴി കേരളത്തെ സംരംഭകത്വ സമൂഹമായി വളർത്തുകയും വിവിധ മേഖലകളിൽ സ്റ്റാർട്ട്അപ്പ് കമ്പനികളെ വളർത്തിയെടുക്കുകയുമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| | | | ഇന്ത്യയിൽ തന്നെ നൂതന കമ്പനികളുടെ നമ്പർ വൺ മേഖലയായി മാറുവാനും ലോകത്തിലെ 5 പ്രധാന സ്റ്റാർട്ട്അപ്പ് സമൂഹത്തിൽ ഒന്നാകുകയും ചെയ്യുവാൻ വേണ്ട പദ്ധതികൾ കേരള ഗവൺമെന്റ് ആരംഭിച്ചു കഴിഞ്ഞു. ടെക്നോളജി സ്റ്റാർട്ട്അപ്പ് നയത്തിന്റെ വിശദാംശങ്ങൾ കേരള ഗവൺമെന്റ്, കേരളാ സ്റ്റേറ്റ് ഐ.റ്റി മിഷൻ, ഐ.റ്റി അറ്റ് കേരളാ, ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ തുടങ്ങിയവയുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ നിന്നും ലഭിച്ച പൊതുജന അഭിപ്രായത്തെ അടിസ്ഥാനമാക്കി നയത്തിന്റെ അന്തിമ രൂപം തയ്യാറാക്കിവരുന്നു. |
| (സി) | നയത്തിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | നയം എന്നാണ് പ്രഖ്യാപിക്കാനുദ്ദേശിക്കുന്നത്? | (ഡി) | കരട് നയത്തിന് ഉടൻ തന്നെ അന്തിമ രൂപം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ